"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് ചെറുപ്പളശ്ശേരി കണ്ണമ്പ്ര എ. യു. പി. സ്കൂളിലെ എൽ.പി.എസ്സ്.ടി. ശ്രീമതി. ശ്രീജ എസ്. ന്റെ നിയമനാംഗീകാരം സംബന്ധിച്ച് സർക്കാരിൽ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.5416/2026/GEDN** തീയതി,തിരുവനന്തപുരം, 13-08-2026

പരാമർശം:-

1. സ. ഉ. (കൈ) നം. 54/2024/പൊവിവ, തീയതി 01/06/2024.
2. പാലക്കാട് കണ്ണമ്പ്ര എ. യു. പി. സ്കൂളിലെ എൽ.പി.എസ്സ്.ടി. ശ്രീമതി. ശ്രീജ എസ്. സർക്കാർ മുൻപാകെ സമർപ്പിച്ച 31/07/2025 തീയതി പുന:പരിശോധന ഹർജി.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28/08/2025 തീയതിയിലെ DGE/17776/2025-G1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് കണ്ണമ്പ്ര എ.യു.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. ശ്രീജ എസ്. ന്റെ പരാമർശം (2) റിവിഷൻ ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നതിലെ ആവശ്യം ചുവടെപ്പറയും വിധമായിരുന്നു.

കണ്ണമ്പ്ര എ.യു.പി. സ്കൂളിൽ ശ്രീമതി പി.ബി. ജയശ്രീ 31/05/2017 ന് വിരമിച്ച ഒഴിവിൽ 01/06/2017 മുതൽ നിയമിതയായ ശ്രീമതി. ശ്രീജ എസ്, എൽ.പി.എസ്.ടി.യുടെ 2018-19 ലെ അധിക തസ്തികയിലെ 16/07/2021 മുതൽക്കുള്ള നിയമനം സ.ഉ.(പി) 2/2023/പൊ.വി.വ., തീയതി 23/01/2023 അടിസ്ഥാനത്തിലും, സ.ഉ.(കൈ) നം. 29/2023/ പൊവിവ തീയതി 24/03/2023 ഉത്തരവിനു വിധേയമായും 16/07/2021 തീയതി മുതൽ നോഷണലായും സ.ഉ. (പി) 2/2023/പൊ.വി.വ. ഉത്തരവ് തീയതി 23/01/2023 മുതൽക്ക് ശമ്പള സ്കെയിലിലും ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് ഉത്തരവായിരുന്നു.

എന്നാൽ, 51 (ബി) അവകാശിയായ ശ്രീമതി. ജംഷീനയ്ക്ക് 15/07/2021 മുതൽ നിയമനം നൽകുകയും പ്രസ്തുത നിയമനത്തിന് നിയമന തിയ്യതി മുതൽ അംഗീകാരം ലഭിക്കുകയും ബോണ്ട് പുതുക്കി നൽകുകയും ചെയ്ത സാഹചര്യത്തിൽ, 51 (ബി) അവകാശിയായ ശ്രീമതി. ജംഷീനയുടെ നിയമനം 2018-19 ലെ അധിക തസ്തികയിലേക്ക് ക്രമീകരിക്കുകയും തുടർന്ന് ശ്രീമതി. ശ്രീജയുടെ നിയമനം 01/06/2017 മുതൽ ശ്രീമതി പി.ബി. ജയശ്രീ 31/03/2017 ന് വിരമിച്ച ഒഴിവിലേക്ക് മാറ്റി, ശ്രീമതി. ശ്രീജയുടെ 01/06/2017 മുതൽക്ക് 14/07/2021 വരെയുള്ള നിയമനം അംഗീകരിച്ചുകൊണ്ട്

ടിയാളുടെ KER, അദ്ധ്യായം XIV A, റൂൾ 51 (എ) പ്രകാരമുള്ള അവകാശം അനുവദിക്കണമെന്നും തുടർന്ന് 16/07/2021 തീയതി മുതൽ അധിക തസ്തികയിലെ നിയമനം റഗുലർ സ്കെയിലിൽ അംഗീകരിക്കണമെന്നുമാണ് ശ്രീമതി. ശ്രീജ എസ്. ന്റെ പരാമർശം (2) പുന:പരിശോധന ഹർജിയിലെ ആവശ്യം. പ്രസ്തുത ഹർജിയുടെ അടിസ്ഥാനത്തിൽ 30/08/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തിരം അനുവദിച്ച ഹിയറിങ്ങിൽ ഹർജിക്കാരി, ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്തു.

2. ഹിയറിംഗ് സമയത്ത് ഹർജിക്കാരിയുടെ പ്രതിനിധി ഇപ്രകാരം വാദിച്ചു

01/06/2017 പ്രാബല്യത്തിൽ എൽ.പി.എസ്.ടി തസ്തികയിൽ വിരമിക്കൽ മൂലമുണ്ടായ റഗുലർ ഒഴിവിൽ നിയമിക്കപ്പെടുകയും ഇതേ തസ്തികയിൽ 14/07/2021 വരെ സേവനം അനുഷ്ഠിച്ചു വരികയുമായിരുന്ന പാലക്കാട് ആലത്തൂർ വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട കണ്ണമ്പ്ര എ.യു.പി സ്കൂളിലെ LPST ശ്രീമതി. ശ്രീജ.എസ്-ന്റെ സേവന കാലയളവ് ചട്ടം 51 (ബി) അവകാശിക്ക് മാനേജർ നിയമനം നൽകിയിരുന്നില്ല എന്ന കാരണത്താൽ അംഗീകരിച്ചിരുന്നില്ല. തുടർന്ന് ഹർജിക്കാരിയായ ശ്രീമതി. ശ്രീജയെ 15/7/2018 പ്രാബല്യത്തിൽ നിലവിൽ വന്ന അധിക എൽ.പി.എസ്.ടി തസ്തികയിലേക്ക് നിയമിക്കുകയും ചെയ്തിരുന്നു. ചട്ടം 51 (ബി) അവകാശിയായ ശ്രീമതി ജംഷീനക്ക് 15/7/2021 മുതൽ നിയമനം നൽകുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.ആയതിനാൽ 1/6/2017 മുതൽ 14/7/2021 വരെ ഹർജിക്കാരി സേവനം അനുഷ്ഠിച്ച തസ്തികയിൽ മറ്റാരെയും നിയമിച്ചിട്ടില്ലാത്തതിനാലും നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാലും 01/06/2017 മുതൽ 14/07/2021 വരെയുള്ള സേവന കാലയളവ് അംഗീകരിക്കണമെന്ന ആവശ്യമാണ് പുന:പരിശോധന ഹർജിയിലൂടെ സമർപ്പിച്ചിരിക്കുന്നത്.

റഗുലർ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി. പി.ബി. ജയശ്രീ 31/05/2017-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ ഹർജിക്കാരിയായ ശ്രീമതി. ശ്രീജ എസ്.നെ പാലക്കാട് ജില്ലയിലെ ആലത്തൂർ വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട കണ്ണമ്പ്ര എ.യു.പി സ്കൂളിൽ മാനേജർ 01/06/2017 പ്രാബല്യത്തിൽ എൽ.പി.എസ്.ടി തസ്തികയിൽ നിയമിച്ചു. എന്നാൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ചട്ടം 51 (ബി) അവകാശി എന്ന നിലയിൽ ശ്രീമതി. ജംഷീന എന്നയാളിനെ നിയമിച്ചിട്ടില്ല എന്ന കാരണത്താൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹർജിക്കാരിയുടെ 01/06/2017 പ്രാബല്യത്തിലുള്ള നിയമനം അംഗീകരിച്ചില്ല.

ആയതിനാൽ മാനേജർ ഹർജിക്കാരിയെ 2018-19 അക്കാദമിക വർഷത്തിൽ അനുവദിക്കപ്പെട്ട എൽ.പി.എസ്.ടി അധിക തസ്തികയിൽ 15/07/2018 പ്രാബല്യത്തിൽ മാറ്റി നിയമിച്ചു. 15/07/2018 പ്രാബല്യത്തിലുള്ള നിയമനം അംഗീകരിക്കുന്നതിനുള്ള ശുപർശ മാനേജർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചു. എന്നാൽ അധിക തസ്തികയിലെ നിയമനം അംഗീകരിക്കുന്ന വിഷയത്തിൽ മാനേജർ ബോണ്ട് ലഭ്യമാക്കിയിട്ടില്ല എന്ന പ്രധാന കാരണത്താൽ (06.2.2021-ലെ ജി.ഒ (പി) 4/2021/പൊ.വി.വ നമ്പർ ഉത്തരവിൽ പരാമർശിക്കുന്ന മാനേജരുടെ സത്യവാങ്മൂലം) 15/07/2018 പ്രാബല്യത്തിലുള്ള നിയമനവും നിരസിച്ച് ഉപജില്ല

വിദ്യാഭ്യാസ ഓഫീസർ ഉത്തരവായി. ഇക്കാരണങ്ങളാൽ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയും നിരസിച്ചിരുന്നു.

ശ്രീമതി. ശ്രീജ എസ്.ന്റെ നിയമനാംഗീകാര വിഷയത്തിൽ സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി സർക്കാർ പരിശോധിക്കുകയും ചട്ടം 51 (ബി) പ്രകാരമുള്ള അവകാശം ഉന്നയിച്ച് ശ്രീമതി. ജംഷീന മാനേജർക്ക് ചട്ടപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ രണ്ടാഴ്ചക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന് മാനേജർ ടിയാൾക്ക് നിർദ്ദേശം നൽകേണ്ടതാണെന്നും അപ്രകാരം അപേക്ഷ സമർപ്പിക്കാത്ത പക്ഷം ടിയാളുടെ ചട്ടം 51 (ബി) അവകാശം റദ്ദായതായി ടിയാളെ അറിയിച്ചുകൊണ്ടു ശ്രീമതി. ജംഷീനയ്ക്ക് നോട്ടീസ് നൽകുന്നതിനു 11/6/2019-ലെ ബി3/224/2019/പൊ.വി.വ പ്രകാരം സർക്കാർ മാനേജർക്ക് നിർദ്ദേശം നല്കുകയുമുണ്ടായി.

പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ ശ്രീമതി. ജംഷീന ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP (C) No.11083/2019 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തു. റിട്ട് ഹർജിയിന്മേലുള്ള 26.02.2021-ലെ വിധി പ്രകാരം റിട്ട് ഹർജിക്കാരിയായ ശ്രീമതി. ജംഷീനയ്ക്ക് ഒരു മാസത്തിനുള്ളിൽ നിയമനം നൽകുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകി കോടതി വിധിയായി. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാനേജർ ശ്രീമതി. ജംഷീനയ്ക്ക് എൽ.പി.എസ്.ടി തസ്തികയിൽ 15/07/2021 പ്രാബല്യത്തിൽ നിയമന ഉത്തരവ് നൽകുകയും നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് 15/07/2021 പ്രാബല്യത്തിൽ എൽ.പി.എസ്.ടി തസ്തികയിലെ നിയമനം അംഗീകരിച്ചു കൊണ്ട് ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ഉത്തരവാകുകയും ചെയ്തു.

എന്നാൽ ചട്ടം 51 (ബി) അവകാശിയായ ശ്രീമതി. ജംഷീനയെ 2018-19 അക്കാദമിക വർഷത്തിൽ അനുവദിച്ചിരുന്ന അധിക തസ്തികയിലേക്ക് 15/07/2021 പ്രാബല്യത്തിൽ മാറ്റി നിയമിക്കുന്നതിനും ഹർജിക്കാരിയായ ശ്രീമതി. ശ്രീജ എസ്.നെ 01/06/2017 പ്രാബല്യത്തിലുള്ള റഗുലർ ഒഴിവിലേക്ക് മാറ്റി ക്രമീകരിക്കുന്നതിനും ഉത്തരവാകുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ മാനേജർ ഹർജി സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിക്കുകയുമുണ്ടായി.

ശ്രീമതി. ശ്രീജ എസ്. നെ 01/06/2017 പ്രാബല്യത്തിൽ എൽ.പി.എസ്.ടി തസ്തികയിലെ വിരമിക്കൽ ഒഴിവിൽ (ശ്രീമതി. പി. ബി. ജയശ്രീ 31.05.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവ്) നിയമിക്കുകയും ടിയാൾ 15/7/2021 വരെ ഇതേ തസ്തികയിൽ അക്കാദമികമായ എല്ലാ ഉത്തരവാദിത്വങ്ങളും നിർവ്വഹിച്ച് തുടരുകയുമായിരുന്നു എന്നും WP(C) No.11083/2019 നമ്പർ റിട്ട് ഹർജിയിലെ 26/2/2021-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 15/07/2021 പ്രാബല്യത്തിൽ ശ്രീമതി. ജംഷീനക്ക് മാനേജർ ചട്ടം 51(ബി) അവകാശി എന്ന നിലയിൽ നിയമനം അനുവദിച്ചിരിക്കുന്നതിനാൽ ശ്രീമതി. ജംഷീനയുടെ നിയമനം 15/7/2021 മുതൽ മാത്രമേ നിലവിൽ വരുന്നുള്ളൂ എന്നും മേൽപ്പറഞ്ഞ സാഹചര്യത്തിൽ 01/06/2017 മുതൽ 14/07/2021 വരെ ശ്രീമതി. ശ്രീജ എസ്.നെ നിയമിച്ച തസ്തികയിൽ മറ്റാരും തന്നെ സേവനം അനുഷ്ഠിച്ചിട്ടില്ലാത്തതിനാലും ശ്രീമതി. ശ്രീജ എസ്. ഇതേ തസ്തികയിൽ തന്നെ തുടർന്നു

വന്നതിനാലും ടിയാളുടെ 01/06/2017 മുതൽ 14/07/2021 വരെയുള്ള നിയമനം അംഗീകരിക്കാവുന്നതാണ്.

കൂടാതെ, ഭിന്നശേഷി നിയമന വ്യവസ്ഥകൾ പാലിക്കേണ്ടത് 18/11/2018-ന് ശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ മാത്രമാണ്. 01/06/2017 പ്രാബല്യത്തിലുള്ള ശ്രീമതി. ശ്രീജ.എസ്. ന്റെ നിയമനവും 2018-19 അക്കാദമിക വർഷത്തിൽ അനുവദിക്കപ്പെട്ട (15/7/2018) എൽ.പി.എസ്.ടി അധിക തസ്തികയിലെ നിയമനവും ഒഴിവിന്റെ പ്രാബല്യ തീയതിയായ 18/11/2018-ന് മുൻപ് ആയതിനാൽ ഭിന്നശേഷി നിയമന വ്യവസ്ഥകൾ പാലിക്കേണ്ട ഒഴിവുകളല്ല.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണനയിലെടുത്ത് ശ്രീമതി. ശ്രീജ എസ്. ന്റെ 01/06/2017 മുതൽ 15/07/2021 വരെയുള്ള നിയമനവും 15/07/2018-ൽ അനുവദിച്ച അധിക എൽ.പി.എസ്.ടി തസ്തികയിലെ 15/07/2021 പ്രാബല്യത്തിലുള്ള നിയമനവും അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസൃതമായുള്ള നിർദ്ദേശം ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകി ശ്രീമതി. ശ്രീജ എസ്.ന്റെ റിവിഷൻ ഹർജിയിന്മേൽ തീരുമാനമുണ്ടാകണമെന്നും ഹർജിക്കാരിയുടെ പ്രതിനിധി ആവശ്യപ്പെട്ടു.

**3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ പ്രതിനിധികൾ ഇപ്രകാരം വാദിച്ചു.**

ഹർജിക്കാരിയുടെ 01/06/2017 മുതലുള്ള നിയമനം 51 (ബി) അവകാശിയെ നിയമിച്ചിട്ടില്ല എന്ന കാരണത്താലും അധിക തസ്തികയിൽ 15/07/2018 മുതലുള്ള നിയമനം 06/02/2021-ലെ ജി.ഒ (പി) 4/2021/പൊ.വി.വ ഉത്തരവിൽ നിഷ്കർഷിക്കുന്ന തരത്തിൽ മാനേജർ ബോണ്ട് സമർപ്പിച്ചിരുന്നില്ല എന്ന കാരണത്താലും, അംഗീകരിക്കുവാൻ നിർവ്വാഹമില്ലായെന്ന അഭിപ്രായം തന്നെയാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ പ്രതിനിധികൾ ഹിയറിംഗ് വേളയിലും അറിയിച്ചത്.

**4.** സർക്കാർ ഈ വിഷയം, ഹർജിക്കാരിയുടെ വാദമുഖങ്ങൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ അഭിപ്രായ റിപ്പോർട്ടുകൾ, ആശ്രിത നിയമന വ്യവസ്ഥ അനുവദിക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

പാലക്കാട് കണ്ണമ്പ്ര എ.യു.പി.സ്കൂളിലെ അറബിക് അധ്യാപകനായിരുന്ന ശ്രീ. മുഹമ്മദ് ബഷീർ 31/12/1997 മുതൽ സംരക്ഷിതാധ്യാപകനായി തുടരവേ 07/05/2010-നു മരണപ്പെട്ടതു മൂലം സംജാതമായ ഒഴിവിൽ ആശ്രിത നിയമനം ലഭ്യമാക്കുന്നതിനായി ടിയാന്റെ മകൾ ശ്രീമതി. ജംഷീന 02/05/2012-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അപേക്ഷക തുടർന്ന് വിവാഹിതയായി എന്നതിനാൽ ആശ്രിത നിയമനം ലഭ്യമാക്കുന്നതിനായി അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടിയിരുന്ന സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ LPST വിഭാഗത്തിൽ 01/06/2017 നു സംജാതമായ റെഗുലർ ഒഴിവിൽ ടിയാളെ നിയമിക്കുന്നതിന്

പകരം ശ്രീമതി. ശ്രീജയെ പ്രസ്തുത ഒഴിവിൽ മാനേജർ നിയമിക്കുകയുണ്ടായി. അപേക്ഷക മുഹമ്മദ് ബഷീറിന്റെ ആശ്രിതയായിരുന്നു എന്ന് തെളിയിക്കുന്ന തഹസിൽദാരുടെ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്ന മുറക്ക് ശ്രീമതി. ജംഷീന-ക്കു ആശ്രിത നിയമന വ്യവസ്ഥ പ്രകാരമുള്ള നിയമനം നൽകുന്നതിന് 5/10/2018 തീയതിയിലെ G.O(Rt) No 4013/2018/GEdn ന്റെ അടിസ്ഥാനത്തിൽ ഉത്തരവാകുകയുണ്ടായി. ടി ഉത്തരവിന് ശേഷവും ആവശ്യമായ രേഖകൾ ശ്രീമതി. ജംഷീന സമർപ്പിച്ചിരുന്നില്ല എന്നതിനാൽ ശ്രീമതി. ശ്രീജയുടെ നിയമനം റഗുലർ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി. പി.ബി. ജയശ്രീ 31.05.2017-ൽ സർവ്വീസിൽ നിന്നും വിരമിച്ച തസ്തികയിലും ശ്രീമതി. ജംഷീനയുടെ നിയമനം തുടർന്ന് സംജാതമായ 15/07/2018 പ്രാബല്യത്തിൽ നിലവിൽ വന്ന അധിക എൽ.പി.എസ്.ടി തസ്തികയിലെ ഒഴിവിലും ക്രമപ്പെടുത്തുന്നതിലേക്കായി മാനേജർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ കത്തിന്റെ തീയതി മുതൽ രണ്ടാഴ്ചക്കകം ശ്രീമതി. ജംഷീന ആശ്രിതനിയമനം ലഭ്യമാക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കാത്ത പക്ഷം ടിയാളുടെ അവസരം നഷ്ടമാകുന്നതും ശ്രീമതി. ശ്രീജയുടെ നിയമനം അംഗീകരിക്കുന്നതിനും 01/06/2020-ലെ B3/224/2019/G.Edn പ്രകാരം നിർദേശം നൽകിയിരുന്നു. ഇതിനെതിരെ ശ്രീമതി. ജംഷീന ഫയൽ ചെയ്തിരുന്ന WP (C) No.11083/2019-ന്മേലുള്ള 26.02.2021-ലെ വിധിയുടെ അടിസ്ഥാനത്തിലാണ് 15/07/2021 മുതൽ ടിയാൾക്കു ആശ്രിത നിയമനം അനുവദിച്ചിരിക്കുന്നത് എന്ന് കാണാവുന്നതാണ്.

07/02/96 മുതൽ 18/11/2018 വരെ ഭിന്നശേഷി സംവരണത്തിനായി വ്യവസ്ഥ ചെയ്തിട്ടുള്ള നിശ്ചിത ശതമാനം ഒഴിവുകൾ നികത്തേണ്ടതാണെന്നും അപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ 07/02/96 മുതൽ 18/11/18 വരെ വന്നിട്ടുള്ള ബാക്‌ലോഗ് ഒഴിവുകൾ 18/11/18 മുതലുള്ള ഒഴിവുകളിൽ നികത്തേണ്ടതാണെന്നും ബഹു. ഹൈക്കോടതി വിധിയെ തുടർന്ന് 24/03/23-ലെ G.O. (Ms) No. 29/23/Gen.Edn പ്രകാരം വ്യക്തമാക്കിയിട്ടുണ്ട് എന്നതിനാൽ 18/11/2018 മുതലുള്ള ഒഴിവുകളിലെ നിയമനങ്ങൾക്കു മാത്രമാണ് ഭിന്നശേഷി സംവരണം പാലിക്കപ്പെടേണ്ടത് എന്ന ഹർജിക്കാരന്റെ വാദം നിലനിൽക്കുന്നതല്ല. ടി സ്കൂളിൽ ഭിന്നശേഷി നിയമനത്തിനായി 31/05/21-നു വിരമിച്ച ശ്രീമതി. ശ്രീദേവി യുടെ ഒഴിവു മാറ്റിവയ്ക്കുകയും 06/02/2021-ലെ ജി.ഒ. (പി) 4/2021/പൊ.വി.വ പ്രകാരം സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിനുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ശ്രീജ യുടെ 2018-19-ലെ അധികതസ്തികയിലെ 16/07/21 മുതലുള്ള നിയമനം 24/3/23-ലെ G.O(P) No 29/23/G.Edn ഉത്തരവിന് വിധേയമായി ഉത്തരവ് നമ്പർ എഫ്/23673/2021 തീയതി 22/8/23 പ്രകാരം ആലത്തൂർ AEO അംഗീകരിച്ചു നൽകിയിരുന്നതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കണ്ണമ്പ്ര എ.യു.പി. സ്കൂളിൽ ശ്രീ. മുഹമ്മദ് ബഷീർ 31/12/97 മുതൽ സംരക്ഷിതാധ്യാപകനായി തുടരവേ 07/05/2010-നു മരണപ്പെട്ടതു മൂലം ആശ്രിത നിയമനം ലഭ്യമാകുന്നതിനു ടിയാന്റെ മകൾ ശ്രീമതി. ജംഷീന 24/5/99-ലെ G.O(P)No.12/99/P&ARD അനുശാസിക്കുന്ന പ്രകാരം സമയപരിധിക്കകം തന്നെ (2/5/2012 ൽ) അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും തുടർന്ന് 1/6/2017-ൽ സംജാതമായ റെഗുലർ ഒഴിവിൽ നിയമനം ലഭ്യമാക്കുന്നതിനായി അവശ്യം വേണ്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്നില്ലെന്നു

5/10/2018 -ലെ G.O. (Rt) No 4013/2018/G.Edn, 01/06/20-ലെ B3/224/2019/G.Edn നമ്പർ കത്ത് എന്നിവ പ്രകാരം വ്യക്തമാകുന്നതാണ്. WP (C) No. 11083/2019-ന്മേലുള്ള 26.02.2021-ലെ വിധിയുടെ അടിസ്ഥാനത്തിൽ 15/7/2021 മുതലാണ് ടിയാൾക്ക ആശ്രിത നിയമനം അനുവദിച്ചിരിക്കുന്നത്. മാനേജർ യഥാസമയം ചട്ടപ്രകാരമുള്ള അവകാശിക്ക് നിയമനം നിഷേധിച്ചത് മൂലം ടിയാൾ കോടതിയെ സമീപിച്ചതിനെ തുടർന്ന് കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് പിന്നീട് ചട്ടം 51 (ബി) അവകാശിയായ ശ്രീമതി. ജംഷീനക്ക് 15/07/2021 പ്രാബല്യത്തിൽ നിയമനാംഗീകാരം നൽകിയിട്ടുള്ളത്.

5. ആശ്രിത നിയമന വ്യവസ്ഥ പ്രകാരം സർക്കാർ മേഖലയിൽ അനുവർത്തിച്ച വരുന്ന ഉത്തരവുകൾ തന്നെയാണ് എയ്ഡഡ് മേഖലയിലും ബാധകമെന്നതിനാൽ 7/5/2010-ൽ മരണപ്പെട്ട സംരക്ഷിതാധ്യാപകൻ ശ്രീ. മുഹമ്മദ് ബഷീറിന്റെ ആശ്രിത, ശ്രീമതി. ജംഷീന പ്രസ്തുത വ്യവസ്ഥ പ്രകാരം 2/5/2012-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടിയിരുന്ന സർട്ടിഫിക്കറ്റുകൾ (അപേക്ഷക മുഹമ്മദ് ബഷീറിന്റെ ആശ്രിതയായിരുന്നു എന്ന് തെളിയിക്കുന്ന തഹസിൽദാരുടെ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്) സമർപ്പിച്ചിരുന്നില്ലെന്നു 05/10/2018 തീയതിയിലെ G.O.(Rt) No.4013/2018/G.Edn, 01/06/2020 തീയതിയിലെ B3/224/19/G.Edn നമ്പർ കത്ത് എന്നിവ പ്രകാരം വ്യക്തമാണ്. എന്നാൽ, ശ്രീ. മുഹമ്മദ് ബഷീർ 31/12/97 മുതൽ സംരക്ഷിതാധ്യാപകനായി തുടരവേ 07/05/2010-നു മരണപ്പെട്ടതു മൂലം ചട്ടം 51 (ബി) അവകാശിയായ ശ്രീമതി. ജംഷീനക്കു തന്നെയാണ് ശ്രീമതി പി.ബി. ജയശ്രീ 31/03/2017 ന് വിരമിച്ചതിനെത്തുടർന്ന് 01/06/2017-ൽ സംജാതമായ റെഗുലർ ഒഴിവിൽ നിയമിക്കപ്പെടുന്നതിന് ചട്ടപ്രകാരവും WP (C) No. 11083/2019-ന്മേലുള്ള 26.02.2021-ലെ ബഹു. ഹൈക്കോടതിയുടെ വിധി പ്രകാരവും അർഹതയുള്ളത്. മാനേജർ യഥാസമയം ചട്ടപ്രകാരമുള്ള അവകാശിക്ക് നിയമനം നിഷേധിച്ചത് മൂലം ടിയാൾ കോടതിയെ സമീപിച്ചതിനെ തുടർന്ന് കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് പിന്നീട് ചട്ടം 51 (ബി) അവകാശിയായ ശ്രീമതി. ജംഷീനക്ക് 15/07/2021 പ്രാബല്യത്തിൽ നിയമനാംഗീകാരം നൽകിയിട്ടുള്ളത്. ചട്ടം 51 (ബി) അവകാശിയുടെ നിയമനത്തിന് മുൻപ് നിയമനാംഗീകാരം നൽകണമെന്ന ശ്രീമതി. ശ്രീജ എസ്. ന്റെ ആവശ്യം അംഗീകരിക്കാനാവില്ല.

6. മേൽ സാഹചര്യത്തിൽ, WP (C) No. 11083/2019-ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ചെറുപ്പുളശ്ശേരി കണ്ണമ്പ്ര എ. യു. പി. സ്കൂളിൽ ചട്ടം 51 (ബി) അവകാശിയായ ശ്രീമതി. ജംഷീനക്ക്, ശ്രീമതി പി.ബി. ജയശ്രീ എൽ.പി.എസ്സ്.ടി. തസ്തികയിൽ നിന്നും 31/03/2017 ന് വിരമിച്ചതിനെത്തുടർന്ന് 01/06/2017-ൽ സംജാതമായ റെഗുലർ ഒഴിവിൽ 15/07/2021 പ്രാബല്യത്തിൽ നിയമനാംഗീകാരം നൽകിയിട്ടുള്ളതിനാൽ, ശ്രീമതി. ജംഷീനയുടെ നിയമനം 2018-19 ലെ അധിക തസ്തികയിലേക്ക് ക്രമീകരിക്കുകയും, തുടർന്ന് ശ്രീമതി പി.ബി ജയശ്രീയുടെ വിരമിക്കൽ ഒഴിവിലേക്ക് ശ്രീമതി. ശ്രീജ എസ്.ന്റെ നിയമനം 01/06/2017 മുതൽ മാറ്റി, 01/06/2017 മുതൽക്ക് 14/07/2021 വരെയുള്ള നിയമനം അംഗീകരിച്ചുകൊണ്ട് ടിയാളുടെ KER, അദ്ധ്യായം XIV A, റൂൾ 51 (എ) പ്രകാരമുള്ള അവകാശം അനുവദിക്കണമെന്നും, തുടർന്ന് 16/07/2021 തീയതി മുതൽ അധിക തസ്തികയിലെ നിയമനം റഗുലർ സ്കെയിലിൽ അംഗീകരിക്കണമെന്നുമുള്ള പരാമർശം (2) പുന:പരിശോധന

ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ജില്ല വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് - 678 001.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ, പാലക്കാട് - 678 541.
മാനേജർ, എ. യു. പി. സ്കൂൾ, കണ്ണമ്പ്ര, പാലക്കാട് - 678 686.
ശ്രീമതി. ശ്രീജ എസ്., എൽ. പി. എസ്. ടി., എ. യു. പി. സ്കൂൾ, കണ്ണമ്പ്ര, പാലക്കാട് - 678 686.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ജെ. എ.) വകുപ്പ് (08/01/2026 തീയതിയിലെ GE- JA1/566/2025-G.EDN നമ്പർ കുറിപ്പ്)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ (GEDN-B3/167/2025-G.EDN).

ഉത്തരവിൻ പ്രകാരം
Digitally signed by
Ragasmitha V M
Date: 14-08-2026
10:48:58
സെക്ഷൻ ഓഫീസർ